പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ 5872

19.11.2019 ൽ

മറുപടിക്ക്

## കേരള സിറാമിക്സിന്റെ വൈദ്യുതി കുടിശ്ശിക

ചോദ്യം

ശ്രീ.പി.ടി.എ. റഹീം

മറുപടി

ശ്രീ.ഇ.പി.ജയരാജൻ

(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | കേരള സിറാമിക്സ് വൈദ്യുതി കുടിശ്ശികയിനത്തിൽ എത്ര തുകയാണ് കെ.എസ്.ഇ.ബി. ക്ക് നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | കേരള സിറാമിക്സ് ലിമിറ്റഡ് കെ.എസ്.ഇ.ബിയ്ക്ക് നൽകാനുള്ള കുടിശ്ശിക തുക 41,81,01,204/- രൂപയാണ്. |
| ബി) | ഇത് അടയ്ക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) | കണക്കുകളിലെ പൊരുത്തക്കേടുകൾ പരിഹരിക്കാൻ റികൺസിലിയേഷൻ നടത്തി മുതൽ തുകയായ 8.79 കോടി രൂപയിൽ നിന്നും 6.99 കോടി രൂപയായി കുറയ്ക്കുകയും OTS സ്കീം വഴി കുടിശ്ശിക തീർക്കാൻ താല്പര്യം അറിയിച്ച് അപേക്ഷ നൽകുകയും ചെയ്തിട്ടുണ്ട്. കേരള സിറാമിക്സിന്റെ ഉടമസ്ഥതയിലുള്ള നിലവിൽ ഉപയോഗത്തിലല്ലാത്ത മുളവന മൈൻസിന്റെ 10 ഏക്കർ സ്ഥലം കൈമാറി കുടിശ്ശിക തീർക്കാമെന്ന് കമ്പനി നൽകിയ നിർദ്ദേശമനുസരിച്ച് കെ.എസ്.ഇ.ബി. സ്ഥല പരിശോധന നടത്തിയെങ്കിലും പ്രസ്തുത സ്ഥലം കെ.എസ്.ഇ.ബിയ്ക്ക് ഉപയോഗമില്ലെന്ന് അറിയിക്കുകയും പകരം കുണ്ടറ ടൗണിനടുത്തുള്ള 2 ഏക്കർ സ്ഥലം കൈമാറി കുടിശ്ശിക തീർക്കാമെന്നും കെ.എസ്.ഇ.ബി. ബദൽ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ നടന്നുവരുന്നു. |
| സി) | ഇത് സംബന്ധിച്ച് വൈദ്യുതി വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ടിട്ടുണ്ടോ; | സി) | ഉണ്ട് |

| | | |
|---|---|---|
| ഡി) | ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിന് ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ച് ചേർക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ